**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 542** **28-06-2022 - ൽ മറുപടിയ്ക്ക്**

**ട്രഷറികളിലെ സാമ്പത്തിക തിരിമറി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | 2021-22 ൽ ട്രഷറിയിൽ നിന്ന് അൻപത് കോടി രൂപ കേരള സർവ്വകലാശാല ഡിജിറ്റൽ സയൻസ് ഇന്നവേഷൻ ആന്റ് ടെക്നോളജിയ്ക്ക് കൈമാറിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) | ഉണ്ട്. ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി ആന്റ് മാനേജ്മെന്റ് - കേരള (IIITM-K) യുടെ പേരിൽ തിരുവനന്തപുരം ജില്ലാ ട്രഷറിയിൽ ഉള്ള പി.റ്റി.എസ്.ബി അക്കൗണ്ടിലേയ്ക്ക് 25/02/2021 ൽ വരവുവച്ച 50 കോടി രൂപ, സ്ഥാപനത്തിന്റെ ഡയറക്ടർ തിരുവനന്തപുരം ജില്ലാ ട്രഷറിയിൽ സമർപ്പിച്ച 5 കോടി രൂപ വീതമുള്ള 10 ചെക്കുകൾ മുഖാന്തിരം KUDSIT യുടെ പേരിൽ കഴക്കൂട്ടം കാനറാ ബാങ്കിന്റെ 2762101012939 നമ്പർ അക്കൗണ്ടിലേക്ക് മാറി നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത നടപടിയിൽ ആരെല്ലാമാണ് കുറ്റക്കാരെന്ന് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ബി) | അന്തിമ ഗുണഭോക്താവിനല്ലാതെ പി.എസ്.റ്റി.എസ്.ബി അക്കൗണ്ടിൽ നിന്ന് വകുപ്പിന്റെയോ ഏജൻസിയുടെയോ മറ്റ് എസ്.റ്റി.എസ്.ബി അക്കൗണ്ടിലേക്കോ ബാങ്ക് അക്കൗണ്ടിലേക്കോ ഫണ്ട് ട്രാൻസ്ഫർ ചെയ്യാൻ പാടില്ലെന്ന 16/04/2018 ലെ ജി.ഒ.(പി)62/2018/ധന നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധന പാലിയ്ക്കാതെയാണ് ടി പേയ്മെന്റുകൾ കൈമാറിയിട്ടുള്ളത്. ഇത് സംബന്ധിച്ച് ധനകാര്യ പരിശോധനാ വിഭാഗത്തിന്റെ അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, പേയ്മെന്റുകൾ അനുവദിച്ച തിരുവനന്തപുരം ജില്ലാ ട്രഷറി ഓഫീസിലെ ജൂനിയർ സൂപ്രണ്ടുമാരായ ശ്രീമതി സി ബീന, ശ്രീ.റ്റി.മധു എന്നിവർക്ക് ട്രഷറി ഡയറക്ടർ കർശനമായ താക്കീത് നൽകിയിട്ടുണ്ട്. |
| (സി) | ട്രഷറി നിക്ഷേപങ്ങളുമായി ബന്ധപ്പെട്ട സാമ്പത്തിക തിരിമറികളിൽ ട്രഷറി ഡയറക്ടറുടെ പങ്ക് അന്വേഷിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (സി) | ട്രഷറി നിക്ഷേപങ്ങളുമായി ബന്ധപ്പെട്ട സാമ്പത്തിക തിരിമറികളിൽ ട്രഷറി ഡയറക്ടർ ഉൾപ്പെടെയുള്ള ജീവനക്കാരുടെ വീഴ്ചയും അന്വേഷിച്ചിട്ടുണ്ട്. 2020 വർഷത്തിൽ വഞ്ചിയൂർ സബ് ട്രഷറിയിൽ നടന്ന ധനാപഹരണവുമായി ബന്ധപ്പെട്ട് ട്രഷറി പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിൽ ഡയറക്ടറുടെ ഭാഗത്തു നിന്നും വീഴ്ച ഉണ്ടായിട്ടുണ്ടെന്ന് |

| | | | |
|---|---|---|---|
| | | | കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ 11/01/2021 തീയതിയിലെ സ.ഉ(സാധാ)നം.242/2021/ധന ഉത്തരവ് പ്രകാരം censure നൽകിക്കൊണ്ട് അന്നത്തെ ട്രഷറി ഡയറക്ടർക്കെതിരെ അച്ചടക്കനടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ